<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.375</u> 29/06/2015-ൽ മറുപടിക്ക്

# ശബരിഗിരി ജല വൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ശബരിഗിരി ജല വൈദ്യുത പദ്ധതി പ്രകാരം ഇപ്പോൾ വൈദ്യുതി ഉൽപാദനം നടക്കുന്നുണ്ടോ; ; | (എ) ശബരിഗിരി പദ്ധതിയിൽ വൈദ്യുതി ഉത്പാദനം നടക്കുന്നുണ്ട്. പദ്ധതിയുടെ 6 ജനറേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ പെൻ സ്റ്റോക്ക് പൈപ്പിന്റെ വാൽവിൽ ഉണ്ടായ വൻചോർച്ച പരിഹരിക്കപ്പെട്ടിട്ടുണ്ടോ; ഏത് കമ്പനിക്കാണ് നവീകരണ ജോലിയുടെ കരാർ നൽകിയിരിക്കുന്നത്; വിശദമാക്കാമോ; | (ബി) ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ പെൻ സ്റ്റോക്ക് പൈപ്പിന്റെ വാൽവിൽ ഉണ്ടായ ചോർച്ച പരിഹരിച്ചിട്ടുണ്ട്. മധുര ആസ്ഥാനമായുള്ള ശ്രീശരവണാ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് 2014 മേയ് മാസത്തിൽ പുതിയ വാൽവ് സ്ഥാപിച്ചത്. ഗ്യാരൻറി കാലയളവിൽ ഈ വാൽവിലുണ്ടായ ചോർച്ച പ്രസ്തുത കമ്പനി തന്നെ പരിഹരിച്ചിട്ടുണ്ട്. |
| (സി) വൈദ്യുത പദ്ധതി ഇടങ്ങളിൽ തുടർച്ചയായി ഉണ്ടാകുന്ന തകരാറുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) മൂലമറ്റം പവർ ഹൗസിൽ നവംബർ 2013, ഏപ്രിൽ 2015 മാസങ്ങളിൽ സ്വിച്ച് യാർഡിൽ ഉണ്ടായ പൊട്ടിത്തെറികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>വൈദ്യുതി നിലയങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടർബൈൻ, ജനറേറ്റർ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയ പ്രധാന യന്ത്ര സാമഗ്രികളുടേയും, അനുബന്ധ ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണികൾ അവയുടെ നിർമ്മാതാക്കൾ അനുശാസിക്കുന്ന രീതിയിലും കാലയളവിലും ചെയ്തു വരുന്നു. എങ്കിലും അപൂർവ്വമായി അപകടങ്ങൾ സംഭവിക്കാറുണ്ട്. പ്രസ്തുത അപകട |

C- - --2)

ങ്ങളുടെ കാരണങ്ങൾ കണ്ടെത്തി വിശദമായി അവലോകനം ചെയ്യുകയും അവ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മാനദണ്ഡപ്രകാരം 35 വർഷത്തിലധികം പഴക്കമുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിലെ യന്ത്ര സാമഗ്രികളുടെ ശിഷ്ടകാല ആയുർ ദൈർഘ്യ പഠനം നടത്തി നവീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി പൊരിങ്ങൽക്കുത്ത് എന്നീ സ്റ്റേഷനുകളുടെ നവീകരണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഷോളയാർ, ഇടുക്കി ഒന്നാം ഘട്ടം എന്നീ പദ്ധതികളുടെ നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. കുറ്റ്യാടി ജല വൈദ്യുത പദ്ധതിയുടെ നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ